PW1
02/09/2021

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൂത്താട്ടുകുളം മാസ്റ്റർപ്ലാൻ - 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.189/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/08/2021

---

പരാമർശം:-

1. 29/05/2015 തീയതിയിലെ സ.ഉ.(സാധാ) നം.2955/2015/തസ്വഭവ.
2. കൂത്താട്ടുകുളം നഗരസഭ കൗൺസിലിന്റെ 15/12/2017 തീയതിയിലെ 2-ാം നമ്പർ കൗൺസിൽ തീരുമാനം.
3. കൂത്താട്ടുകുളം നഗരസഭ കൗൺസിലിന്റെ 12/10/2020 തീയതിയിലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം.
4. കൂത്താട്ടുകുളം നഗരസഭ സെക്രട്ടറിയുടെ 06/11/2020 തീയതിയിലെ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 16/02/2021 തീയതിയിലെ ടിസിപിസിടിപി/434/2019-എഫ്2 നമ്പർ കത്ത്.

**ഉത്തരവ്**

കൂത്താട്ടുകുളം നഗരത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി പരാമർശ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. പരാമർശം(2) പ്രകാരം മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ നഗരസഭ തീരുമാനിച്ചിരുന്നു എങ്കിലും കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(2) പ്രകാരമുള്ള രണ്ടു വർഷ കാലാവധിക്കുള്ളിൽ കരട് മാസ്റ്റർപ്ലാൻ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല എന്നതിനാൽ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(1) പ്രകാരം മാസ്റ്റർപ്ലാൻ സ്വീകരിക്കുന്നതിനും വകുപ്പ് 36(2) പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരണാനുമതിയ്ക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും പരാമർശം (3) പ്രകാരം കൂത്താട്ടുകുളം നഗരസഭ കൗൺസിൽ തീരുമാനിക്കുകയും ആയത് പരാമർശം (4) പ്രകാരം നഗരസഭ സെക്രട്ടറി സമർപ്പിക്കുകയുമുണ്ടായി.

(2) കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(3) പ്രകാരം കൂത്താട്ടുകുളം മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പരാമർശം (5) മുഖ്യനഗരാസൂത്രകൻ ശുപാർശ ചെയ്തിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(3 പ്രകാരം കൂത്താട്ടുകുളം മാസ്റ്റർപ്ലാനിന്

പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, എറണാകുളം
3. സെക്രട്ടറി, കൂത്താട്ടുകുളം നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sindhu.p.g.
Date: 01-09-2021 16:43:10
Reason: Approved
സെക്ഷൻ ഓഫീസർ